പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3424

9.4.2013 ൽ
മറുപടിയ്ക്ക്

# നെല്ല് സംഭരണം

ചോദ്യം

ശ്രീ. കെ.വി.വിജയദാസ് :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) 2012-13 വർഷത്തിൽ എത്ര ടൺ നെല്ല് സപ്ലൈകോ വഴി ശേഖരിച്ചുവെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് തുക സഹിതം ലഭ്യമാക്കുമോ :

എ) 2012-13 വർഷത്തിൽ ഒന്നാമത്തെയും രണ്ടാമത്തെ സീസൺ 1.4.2013 വരെയും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവും ആയതിന്റെ തുകയും താഴെ കൊടുക്കുന്നു.

| ജില്ല | സംഭരിച്ച നെല്ല് (ക്വിന്റലിൽ) | വില (രൂപ) |
|---|---|---|
| പാലക്കാട് | 895082.73 | 1,52,16,525 |
| തൃശ്ശൂർ | 162285.34 | 27,58,850 |
| ആലപ്പുഴ | 845693.16 | 1,43,76,783 |
| കോട്ടയം | 380366.81 | 64,66,235 |
| എറണാകുളം | 6985.94 | 1.18,760 |
| പത്തനംതിട്ട | 18786.54 | 3,19,371 |
| ഇടുക്കി | 214.93 | 3,654 |
| മലപ്പുറം | 4117.46 | 69,996 |
| വയനാട് | 267.38 | 4,545 |
| കൊല്ലം | 225.51 | 3,833 |
| തിരുവനന്തപുരം | 1567.26 | 26,643 |
| കണ്ണൂർ | 251.55 | 4,276 |
| കാസർഗോഡ് | 807.84 | 13,733 |
| കോഴിക്കോട് | 127.75 | 2,171 |
| ആകെ | 2316787.21 | 3,93,85.375 |

ബി) ഇപ്രകാരം ശേഖരിച്ച നെല്ലിന്റെ വില മുഴുവനും കർഷകർക്ക് നൽകിയിട്ടുണ്ടോ യെന്ന് വിശദീകരിക്കുമോ :

ബി) 1.4.2013 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 393.85 കോടി രൂപയിൽ, 287.64 കോടി രൂപ കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകി കഴിഞ്ഞു. ബാക്കി തുക പാഡി റസീറ്റ് ഷീറ്റ് പ്രോസസ് ചെയ്യുന്ന മുറയ്ക്ക് താമസംവിനാ നൽകുന്നതാണ്.

സി) പാലക്കാട് ജില്ലയിൽ ഇപ്രകാരം ശേഖരിച്ച നെല്ലിന്റെ വില മുഴുവനും നൽകിയിട്ടുണ്ടോ ; നൽകാൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

സി) പാലക്കാട് ജില്ലയിൽ നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിൽ ഈ സീസണിൽ ഇതുവരെ 279546.70 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായ 47.52 കോടി രൂപയിൽ 40.28 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു. ബാക്കി തുകയായ 7.24 കോടി രൂപ പാഡി റസീറ്റ് ഷീറ്റ് വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

Beena
സെക്ഷൻ ഓഫീസർ